D1BML2402 (PAGES 3) Name: ..........................
Reg.No.: ........................

# FIRST SEMESTER FYUGP EXAMINATION NOVEMBER 2024

## AEC - 2 FOR SCIENCE PROGRAMMES

## MAL1FA102 (2) MALAYALA SAHITHYASWADANAM

**Time : 1.30 Hrs** **Maximum Marks : 50**

M : Mark, BL : Bloom's Taxonomy Level (1 to 6) CO : Course Outcome

**Section A: Answer all questions. Each carries 2 marks.** **Ceiling 16 Marks**

| No. | Question | M | BL | CO |
|---|---|---|---|---|
| 1. | ഇന്ത്യൻഭാഷകളിൽ എഴുതപ്പെട്ട ആദ്യയാത്രാവിവരണഗ്രന്ഥത്തിൻെറ വിശദാംശങ്ങൾ പങ്കുവെക്കുക. | 2 | 2 | CO1 |
| 2. | 'ഓപ്പൺഹെയ്മർ: ലോകങ്ങളുടെ അന്തകൻ' എന്ന ജീവിതാഖ്യാനത്തിന് മറ്റൊരു ശീർഷകം നിർദേശിക്കുക. | 2 | 2 | CO1 |
| 3. | ചെറുകഥയെന്ന സാഹിത്യരൂപത്തിൻെറ സവിശേഷതകൾ വിവരിക്കുക. | 2 | 2 | CO2 |
| 4. | അഴകനും മാണിക്കനും തമ്മിലുള്ള ആത്മബന്ധത്തിൻെറ തീവ്രത കഥാന്ത്യത്തിൽ ലളിതാംബിക അന്തർജനം വിവരിക്കുന്നത് എങ്ങനെയാണ് ? | 2 | 2 | CO2 |
| 5. | മാതൃത്വത്തിൻെറ കഥാകാരിയെന്ന വിശേഷണത്തിൽ പരിമിതപ്പെടുത്തേണ്ട എഴുത്തുകാരിയാണോ ലളിതാംബിക അന്തർജനം? വിശദീകരിക്കുക. | 2 | 4 | CO2<br>CO6 |
| 6. | "ഹാ! ഇങ്ങനെയൊരാഗ്രഹവസ്തുവെ അവിചാരിതമായി കിട്ടുമ്പോൾ തൻെറ കുട്ടികൾക്കെന്തുസന്തോഷമായിരിക്കും. ആ വത്സലപിതാവിൻെറ ഹൃദയം ആനന്ദംകൊണ്ടു തുള്ളി. ഇന്നവനും ഒരു പിതാവാണ്." നിങ്ങളുടെ അഭിപ്രായത്തിൽ കഥാസന്ദർഭത്തിൻെറ വൈകാരികമായ തീവ്രത വായനക്കാരെ അനുഭവിപ്പിക്കാൻ കഥാകാരിയുടെ ഈ വിവരണത്തിനു സാധിക്കുന്നുണ്ടോ? വിശദമാക്കുക. | 2 | 5 | CO2<br>CO6 |
| 7. | ആദ്യകാല മലയാളകവിതയുടെ പ്രത്യേകതകൾ എന്തെല്ലാമാണ്? | 2 | 2 | CO3 |
| 8. | "സർപ്പക്കാട് "എന്ന കവിതയിലെ സർപ്പക്കാട് എന്തെല്ലാം ആശയങ്ങളുടെ സൂചകമായിട്ടാണ് പ്രവർത്തിക്കുന്നത്? | 2 | 2 | CO3 |
| 9. | സിനിമയെ നാടകത്തിൽനിന്നും വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ പട്ടികപ്പെടുത്തുക. | 2 | 2 | CO4 |
| 10. | ക്ലാസ് മുറിയിൽ ചർച്ചചെയ്ത ഒരു കഥ നാടകമായി അവതരിപ്പിക്കാൻ തയ്യാറെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി നിർദേശരൂപത്തിലുള്ള ഒരു കുറിപ്പ് തയ്യാറാക്കുക. | 2 | 3 | CO4<br>CO6 |

**Section B: Answer all questions. Each question carries 6 marks.** **Ceiling 24 Marks**

| No. | Question | M | BL | CO |
|---|---|---|---|---|
| 11. | വ്യവസ്ഥാപിതമായ അറിവുകളിൽനിന്നും മാത്രമല്ല വ്യക്തിപരമായ അനുഭവങ്ങളിൽനിന്നും അനുഭൂതികളിൽ നിന്നും അറിവുൽപ്പാദനം സാധ്യമാകും. "കടലറിവുകളും മായക്കാഴ്ചകളും" എന്ന റോബർട്ട് പനിപ്പിള്ളയുടെ ആത്മകഥാഭാഗത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക. | 6 | 4 | CO1<br>CO6 |

| | | | | |
|---|---|---|---|---|
| **12.** | "കരിമ്പുലി"എന്ന ചെറുകഥ നിങ്ങൾക്ക് പരിചിതമാണ ല്ലോ. അടുത്ത വർഷത്തെ നമ്മുടെ കോളേജ് മാഗസിനിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ജി. ആർ. ഇന്ദു ഗോപനുമായി ഒരു അഭിമുഖം തയാറാക്കാൻ ആവശ്യപ്പെട്ടാൽ എന്തൊക്കെ ചോദ്യങ്ങളാവും നിങ്ങൾ ചോദിക്കു ക? മലയാള ചെറുകഥയുടെ സമകാലപ്രവണതകൾ, ഭാഷാപരമായ സവിശേഷതകൾ, ഭാവുകത്വമാറ്റങ്ങൾ, പ്രമേയപരമായ പ്രത്യേകതകൾ, എഴുത്തു കാരൻെറ സർഗാത്മകജീവിതം എന്നിവയെ ആസ്പദമാക്കി 6 ചോദ്യങ്ങളാണ് തയാറാക്കേണ്ടത്.<br><br>(ഇന്ദുഗോപൻെറ ലഘുജീവരേഖ ചുവടെ ചേർക്കുന്നു)<br><br>***ജി. ആർ. ഇന്ദുഗോപൻ***<br><br>***1974 ഏപ്രിൽ 19-ന് കൊല്ലം ഇരവിപുരം വാളത്തുംഗലിൽ ജനനം.***<br>***ദീർഘകാലം പത്രപ്രവർത്തകനായിരുന്നു. ശ്ര ദ്ധേയനായ ജീവചരിത്ര രചയിതാവ്. ഗദ്യത്തിൻെറ വിവിധ ശാഖകളിലായി മുപ്പതിലേ റെ പുസ് തകങ്ങൾ. പ്രധാന അവാർഡുകൾ: കഥയ്ക്ക് സംസ്ഥാന ടെലിവിഷൻ പുരസ് കാരം, കേരളസാഹിത്യ അക്കാദമി ഗീതാ ഹിരണ്യൻ പുരസ്കാരം, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുരസ് കാരം, പത്മരാജൻ പുരസ് കാരം, വി.പി ശിവകുമാർ കേളി അവാർഡ്, ഇട ശ്ശേരി പുരസ് കാരം, കുങ്കുമം നോവൽ, കഥ അവാർഡുകൾ, ആശാൻ പ്രൈസ്, കഥയ്ക്കും നോവലിനും അബുദാബി ശക്തി അവാർഡുകൾ, നൂറനാട് ഹനീഫ് സ്മാരക പുരസ് കാരം. ഒറ്റക്കൈയൻ എന്ന ചലച്ചിത്രം എഴുതി സംവിധാനം ചെയ്തു. ഈ ചിത്രത്തിന് 2007-ലെ രണ്ട് സ്റ്റേറ്റ് അവാർഡ്. ഇതേ ചിത്രത്തിന് മികച്ച നവാഗത സംവിധായകനുള്ള ജേസി ഫൗണ്ടേഷൻ അവാർഡ്. ചിതറിയവർ എന്ന ചലച്ചിത്രത്തിന് തിരക്കഥയും അപ്പ് ആൻഡ് ഡൗൺ എന്ന ചിത്രത്തിന് സംഭാഷണവും എഴുതി. ചെന്നായ (വൂൾഫ്), അമ്മിണിപ്പിള്ള വെട്ടുകേസ് (ഒരു തെക്കൻ തല്ലു കേസ്), ശംഖുമുഖി (കാപ്പ) എന്നീ കഥകൾ ചലച്ചിത്രമായി. 'കാളിഗണ്ഡകി' എന്ന നോവലിൻെറ രൂപാന്തരത്തിന് ഏഴ് സംസ്ഥാന ടി വി പുരസ്കാരം. 'തസ്കരൻ മണിയൻപിള്ള 'യ്ക്ക് തമിഴ് വിവർത്തനത്തിനുള്ള കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം.*** | 6 | 6 | CO1<br>CO2<br>CO6 |
| **13.** | "ഭടജനങ്ങടെ നടുവിലുള്ളൊരു<br>പടയണിക്കിഹ ചേരുവാൻ<br>വടിവിയന്നൊരു ചാരുകേരള<br>ഭാഷതന്നെ ചിതം വരൂ".<br><br>തൻെറ കവിതയുടെ ഭാഷയെപ്പറ്റിയുള്ള നിലപാട് വ്യക്തമാക്കാൻ ഈ വരികളിലൂടെ കുഞ്ചൻനമ്പ്യാർക്ക് സാധിക്കുന്നുണ്ടോ? | 6 | 2 | CO3<br>CO6 |
| **14.** | "തുടുവെള്ളാമ്പൽ പൊയ്കയല്ല ജീവിതത്തിൻ<br><br>കടലേ, കവിതയ്ക്കു ഞങ്ങൾക്ക് മഷിപ്പാത്രം" എന്ന വരികളിൽ പ്രകാശിതമാകുന്ന ആശയം തന്നെയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ തൻെറ കവിതയിൽ ഉടനീളം കാത്തുസൂക്ഷിക്കുന്നത്. "സർപ്പക്കാട്" എന്ന കവിതയെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക. | 6 | 4 | CO3<br>CO6 |
| **15.** | കാലികപ്രസക്തിയുള്ള വിഷയം കൈകാര്യം ചെയ്യുന്ന ഒരു കലാവിഷ്ക്കാരം എന്ന നിലയിൽ "കൂവാഗ"ത്തിൻെറ സാധ്യതകൾ വിലയിരുത്തുക. | 6 | 5 | CO4<br>CO6 |

| Section C: Answer any one question. Each carries 10 marks.<br>(1x10 =10 Marks) | | | | |
|---|---|---|---|---|
| **No.** | **Question** | **M** | **BL** | **CO** |
| **16.** | വിദ്യാഭ്യാസവും നഗരജീവിതവുമല്ല മനുഷ്യത്വത്തിൻെറ മഹിമനിർണ്ണയിക്കുന്നത് മറിച്ച് മനസ്സിൻെറ നന്മയാണ് എന്നു തെളിയിക്കുന്ന കഥാപാത്രമാണ് 'മിണ്ടാപ്പെണ്ണിലെ' കുഞ്ഞു ലക്ഷ്മി. നോവൽ വയിച്ചതിൻെറ അടിസ്ഥാനത്തിൽ കുഞ്ഞുലക്ഷ്മിയുടെ ജീവിതത്തെപ്പറ്റി ആകർഷകമായ തലക്കെട്ടോടുകൂടിയ ഒരു ഫീച്ചർ തയ്യാറാക്കുക. | 10 | 3 | CO2<br>CO6 |
| **17.** | ആൾദൈവങ്ങളും നൂറ്റാണ്ടുകൾ പഴക്കമുള്ള ദൈവസങ്കൽപ്പങ്ങളും ഒരുപോലെ സ്വീകാര്യമായ വിചിത്രസ്ഥലികളായി "ആത്മീയതയുടെ തട്ടിൻപുറങ്ങൾ" നമ്മുടെ നാട്ടിൽ നിലകൊള്ളുന്നു. "തട്ടുമ്പൊറത്തപ്പൻ" സിനിമയെ ആസ്പദമാക്കി വിശകലനം ചെയ്യുക. | 10 | 5 | CO4<br>CO6 |